**D 13753** (Pages : 2) Name.................................

Reg. No...............................

# FIRST SEMESTER B.Com./B.B.A. DEGREE EXAMINATION, NOVEMBER 2016

(CUCBCSS—UG)

Common Course—Malayalam

## MAL 1A 01 (1)—മലയാള സാഹിത്യ പഠനം-1

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 മലയാളത്തിൽ ആദ്യമായി ബൈബിൾ സമ്പൂർണ്ണമായി വിവർത്തനം ചെയ്തതാര് ?

2 യൂജെൽ കോഗോണിനെ നാസി ഭരണകൂടം അഞ്ചുവർഷം തടവിൽ പാർപ്പിച്ചതെവിടെയാണ് ?

3 എം.പി. വീരേന്ദ്രകുമാറിന് ഓടക്കുഴൽ അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

4 പക്ഷികൾ ചത്തു വീഴുന്നതു കണ്ടതിന്റെ ഫലമായി, റേച്ചൽ കാഴ്സൺ എഴുതിയ കൃതി ഏത് ?

5 കാഥികന്റെ കല് എന്ന കൃതിയുടെ കർത്താവ് ആര് ?

6 ഒരു ഭാഷയിലെ പാഠ്യവസ്തുവിനെ മറ്റൊരു ഭാഷയിലെ തത്തുല്യമായ പാഠ്യവസ്തുകൊണ്ട് ആദേശം ചെയ്യുന്നതാണ് വിവർത്തനം എന്നു പറഞ്ഞതാര് ?

7 സർക്കസിലെ തനൂജയെന്ന പെൺകുട്ടിയുടെ അച്ഛൻ ആരാണ് ?

8 മലയാള സാഹിത്യത്തിൽ ഗദ്യത്തിലെഴുതപ്പെട്ട ആദ്യസഞ്ചാരകൃതി ഏത് ?

9 ലോകത്തിലെ അറിയപ്പെടുന്ന ആദ്യത്തെ യുക്തി വാദിയാര് ?

10 'The Old man and the Sea' എന്ന കൃതിയുടെ കർത്താവാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 നാസി തടങ്കൽ പാളയത്തിലെ ക്യാമ്പ് കമാണ്ടൻറ് ആയിരുന്ന 'കോച്ചി'ന്റെ ഏറ്റവും വലിയ വിനോദം എന്തായിരുന്നു ?

12 കിന്നരി മൈനയും മാടത്തയും തമ്മിലുള്ള രൂപപരമായ വ്യത്യാസം എന്ത് ?

13 സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്ത് ?

14 വിവർത്തന പുനഃസൃഷ്ടി എന്നാൽ എന്ത് ?

15 മാളവികയുടെ മരണത്തിൽ മാതാപിതാക്കളാണ് പൂർണ്ണ ഉത്തരവാദികൾ എന്ന് നാട്ടുകാർ വിധിയെഴുതാൻ കാരണം എന്ത് ?

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 വിശപ്പ് എം.ടി. കൃതികളിൽ തീവ്രസങ്കീർണ്ണമായ ഒരു വികാരമായി മാറുന്നതെങ്ങനെ ?

17 ഡച്ചാവു തടങ്കൽ പാളയത്തിലെ ഡോക്ടറായിരുന്ന റൗഷറുടെ പരീക്ഷണങ്ങളെക്കുറിച്ച് ഹിംലറുടെ അഭിപ്രായവും നിർദ്ദേശവും എന്തായിരുന്നു ?

18 പക്ഷി നിരീക്ഷണത്തിൻെറ പേരിൽ നടക്കുന്ന ക്രൂരതകൾ എന്തെല്ലാമാണ് ?

19 സവിരാമ വിവർത്തനത്തിൻെറ സാദ്ധ്യതകളും പരിമിതികളും എന്തെല്ലാമാണ് ?

20 മെർലിൻെറ മനസമാധാനം നഷ്ടപ്പെടാനുണ്ടായ സാഹചര്യങ്ങൾ ഏവ ?

21 'സുഡാൻ ചരിത്രം' എന്ന കത്തിലൂടെ ലേഖകൻ വെളിപ്പെടുത്തുന്ന വസ്തുതകൾ എന്തെല്ലാമാണ് ?

22 ഉത്തമ വിവർത്തനത്തിന് വിവർത്തകൻ പാലിക്കേണ്ട പൊതുതത്വങ്ങൾ ഏവ ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 മരുമക്കത്തായ വ്യവസ്ഥയുടെ ജീർണ്ണത ദാമ്പത്യബന്ധങ്ങളെ ശിഥിലമാക്കുന്നതിൻെറ ചിത്രങ്ങൾ എം.ടി.യുടെ സാഹിത്യലോകത്ത് ധാരാളമുണ്ട്—ഉദാഹരണസഹിതം വിശദമാക്കുക.

24 "ക്രോധത്തിലും വിദ്വേഷത്തിലും അധിഷ്ഠിതമായ എല്ലാ തത്വശാസ്ത്രങ്ങളും നാശത്തിലേക്ക് നയിക്കുന്നുവെന്ന ഗീതാപ്രവചനം എന്തുമാത്രം സത്യവും സംഗതവുമാണ് !"—ഈ നിഗമനത്തിലെത്താൻ ലേഖകനെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ ?

25 പക്ഷികൾക്കു പറക്കുവാൻ വിശാലമായ ആകാശവും താഴെ ഹരിതാഭമായ ഭൂമിയും ഉണ്ടാവണമെന്ന ലേഖകൻെറ അഭിപ്രായത്തിനു പിന്നിലെ പരിസ്ഥിതി ചിന്തകൾ എന്തെന്ന് വിശകലനം ചെയ്യുക.

26 'ഖാർത്തൂമിലെ ദിവസങ്ങൾ' എന്ന കത്തിലൂടെ ലേഖകൻ പങ്കു വെയ്ക്കുന്ന അനുഭവങ്ങളും അറിവുകളും എന്തെല്ലാമാണെന്ന് വിശദമാക്കുക.

27 വർത്തമാനകാല ജീവിത ദുരന്തങ്ങളും മനുഷ്യരുടെ സ്വാർത്ഥതയും വ്യാമോഹങ്ങളും 'കാണുന്നതല്ല കാഴ്ചകൾ' എന്ന നോവലിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

28 വാണിജ്യശാസ്ത്ര വിവർത്തനത്തിൻെറ പ്രാധാന്യം, വാണിജ്യശാസ്ത്ര വിവർത്തനം നേരിടുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.

(4 × 10 = 40 marks)